## ഏഴാമത് ഇന്ത്യ- റിപ്പബ്ലിക് ഓഫ് കൊറിയ സംയുക്ത കമ്മീഷന് യോഗം

നവംബർ 09, 2013

ഏഴാമത് ഇന്ത്യ - റിപ്പബ്ലിക് ഓഫ് കൊറിയ സംയുക്ത കമ്മീഷൻ യോഗം (( Joint Commission Meeting - JCM) ന്യൂഡെൽഹിയില് ഇന്ന് നടന്നു . ഇന്ത്യയെകേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ സൽമാന് ഖുർഷിദ് നയിച്ചു . റിപ്പബ്ലിക് ഓഫ് കൊറിയയെ (Republic of Korea (ROK) വിദേശകാര്യ മന്ത്രി ശ്രീ യുൻ ബിയുങ് -സെ ( Mr. Yun Byung-se) നയിച്ചു . ഇന്ത്യയുടെ പ്രതിനിധി സംഘത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രാലയം , പ്രതിരോധം , സിവിൽ ഏവിയേഷൻ , ഷിപ്പിംഗ് , വ്യാപാര - വ്യവസായം എന്നീ മന്ത്രാലയങ്ങൾ , ഒഢീഷ ഗവൺമെന്റ് എന്നിവിടങ്ങളില് നിന്നുമുള്ള അംഗങ്ങൾ ഉണ്ടായിരുന്നു .
ഇരു മന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങളെ കുറിച്ച് സമഗ്രമായ അവലോകനം നടത്തി. തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർന്ന ഉഭയകക്ഷി ബന്ധം കഴിഞ്ഞ വർഷങ്ങളില് വളരെ ആഴവും വ്യാപ്തിയും കൈവരിക്കുകയുണ്ടായി . ഉന്നത തല രാഷ്ട്രീയ വിനിമയങ്ങൾക്ക് ബന്ധത്തില് കൂടുതല് വേഗത കൈവരുത്താൻ സാധിക്കുമെന്ന് അവർ നിരീക്ഷിക്കുകയും രണ്ടായിരത്തി പതിനാല് തുടക്കത്തിൽ തന്നെ റിപ്പബ്ലിക് ഓഫ് കൊറിയ പ്രസിഡന്റ് മാഡം പാർക്ക് ഗിയുന് - ഹൈ (Madame Park Geun-hye ) ഇന്ത്യ സന്ദർശിക്കുന്നതിനെ കുറിച്ച് അവർ ചർച്ച ചെയ്യുകയുണ്ടായി .

രാഷ്ട്രീയ, സുരക്ഷാ, വ്യാപാരം, നിക്ഷേപം, ശാസ്ത്രം, സാംസ്ക്കാരിക ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളില് തന്ത്രപ്രധാന - സാമ്പത്തിക ഘടകവും ചേർക്കുന്നതിനുള്ള സാധ്യതകളെ കുറിച്ച് യോഗം സസൂക്ഷ്മം ആലോചിച്ചു. പരസ്പരം താത്പര്യമുള്ള മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

അടുത്ത വർഷം നടക്കുന്ന എട്ടാമത് ഇന്ത്യാ - റിപ്പബ്ലിക് ഓഫ് കൊറിയ സംയുക്ത കമ്മീഷൻ യോഗത്തില് പങ്കെടുക്കുന്നതിനായി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയെ വിദേശകാര്യ മന്ത്രി യുൻ സിയൊളിലേക്ക് ക്ഷണിച്ചു. ഇരു രാജ്യങ്ങൾക്കും പരസ്പരം സൌകര്യപ്രദമായ തീയതിയില് എട്ടാമത് സംയുക്ത കമ്മീഷൻ യോഗം നടക്കും.

**ന്യൂ ഡെൽഹി**
**നവംബർ 09, 2013**